പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2434 19.07.2016-ലെ മറുപടിക്ക്

<u>മൂവാറ്റുപുഴ കെ എസ് ആർ ടി സി ഡിപ്പോ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ കെ എസ് ആർ ടി സി ഡിപ്പോയുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മൂവാറ്റുപുഴ കെ എസ് ആർ ടി സി ഡിപ്പോയിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ; | (ബി) | 1. MLA-LAC ADS ഫണ്ടിൽ നിന്നും 1 കോടി രൂപ ഉപയോഗിച്ച് 9 bay garage പൂർത്തീകരിച്ച വരുന്നു.<br>2. പലിശ രഹിത നിക്ഷേപം സ്വീകരിച്ച് നിർമ്മാണം നടത്തുന്ന ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം ഘട്ടത്തിന്റെ സിവിൽ ജോലികൾ ഭാഗികമായി പൂർത്തീകരിച്ചു വരുന്നു. ഇലക്ട്രിക്കൽ, ഫയർ ഫൈറ്റിംഗ്, പ്ലംബിംഗ് തുടങ്ങിയ പണികളും പൂർത്തീകരിയ്ക്കാനുണ്ട്. ഈ പണികളുടെ എസ്റ്റിമേറ്റ് ആർക്കിടെക്റ്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് കിട്ടുന്ന മുറയ്ക്ക് എത്രയും വേഗം ടെൻഡർ നടപടികളിലേയ്ക്ക് കടക്കുവാൻ സാധിക്കും. |
| (സി) | പ്രസ്തുത ഡിപ്പോയിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം, ഓരോ തസ്തികയിലും അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എണ്ണം, ഒഴിവ്/അവധി, ജോലി ക്രമീകരണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | അനുബന്ധം 1 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഡിപ്പോയിൽ നിലവിലുള്ള സർവ്വീസുകൾ ഏതൊക്കെയാണെന്നും ആയതിൽ ലാഭത്തിൽ ഓടുന്ന സർവ്വീസുകൾ ഏതൊക്കെയാണെന്നും അറിയിക്കുമോ? | (ഡി) | മൂവാറ്റുപുഴയിലെ നിലവിലുള്ള സർവ്വീസുകളും അതിൽ ലാഭത്തിൽ ഓടുന്ന സർവ്വീസുകളും അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്